# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3681

## (23.08.2017 ലെ മറുപടിക്ക്)

## ചാത്തന്നൂരിൽ സബ്ട്രഷറിക്കായി കെട്ടിടം

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ** | **ഡോ. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | ചാത്തന്നൂരിൽ സബ്ട്രഷറി നിർമ്മിക്കുന്നതിന് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സൗജന്യമായി ഭൂമി ലഭ്യമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയിൽ സബ്ട്രഷറിയ്ക്കായി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ ചാത്തന്നൂർ സബ്ട്രഷറിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ ട്രഷറികളുടെ പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെയുള്ള ശുപാർശ ട്രഷറി ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ചാത്തന്നൂർ സബ്ട്രഷറി നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ഭൂമി സംബന്ധിച്ച് എന്തെങ്കിലും നിയമപ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | നാഷണൽ ഹൈവേ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിലെ ട്രഷറി കെട്ടിടം പൊളിക്കുന്ന സാഹചര്യമുള്ളതിനാൽ, സബ്ട്രഷറിയ്ക്കായുള്ള കെട്ടിടം നിർമ്മിയ്ക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സ്വീകരിക്കും. |

**സെക്ഷൻ ഓഫീസർ**